**Day 9 of 90 days** ✝✝✝ **3rd November 2017**

സ്നേഹിത, നീ കർത്താവിന്റെ ആടാകുന്നുവെങ്കിൽ, അവൻ നിന്റെ സംരക്ഷകൻ മാത്രമല്ല, അവൻ നിന്റെ സംരക്ഷകൻ മാത്രമല്ല, നിന്റെ അതിഥേയൻ കൂടെയാണ്. അവൻ നിനക്കായി വിരുന്നൊരുക്കുന്നു. വിരുന്നുശാലയിലേക്ക് അവൻ നിന്നെ ക്ഷണിക്കുന്നു. അവിടെ നീ വെറും ഒരു ആടല്ല, വിരുന്നുകാരനാണ് – അതിഥിയാണ്.

നമുക്ക് ആത്മീകമായി എല്ലാ വിധ പുഷ്ടിയും അനുഭവിച്ച് സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നതിനുള്ള അവസരവും അനുഭവവും അവിടെയുണ്ട്. വിരുന്നുശാല! ആത്മീക വിരുന്നുശാല, ചില ദൈവമക്കൾ ഏതു സാഹചര്യത്തിലും അത്യധികം സന്തോഷവും പ്രസന്നതയും വിജയവുമുള്ളവരായി കാണപ്പെടുന്നതിന്റെ കാരണം ഇതാണ്. സ്വർഗ്ഗീയ വിരുന്നുഭോജനത്തിൽ നിന്നും ആസ്വദിച്ച് തികഞ്ഞ പ്രാഗത്ഭ്യത്തോടെ കർത്താവിൽ ആനന്ദിക്കുന്ന അനുഭവമാണത്. നമ്മുടെ ഇടയൻ നമുക്കായി വിരുന്നൊരുക്കിയിരിക്കുന്നു.

ഈ വിരുന്നിന് രണ്ട് പ്രത്യേകതകളു□ ്. ഒന്ന്, അത് ശത്രുക്കൾ കാൺകെയുള്ള വിരുന്നാണ്. ശത്രുവിനെ അധികമായി അരിശം കൊള്ളിക്കുന്ന വിധത്തിൽ, നമ്മെ തിന്നുവാൻ കാത്തിരിക്കുന്ന ശത്രുവിന്റെ മുമ്പിൽ വച്ച് നാം തിന്ന് ആനന്ദിക്കുക. നമ്മെ തകർക്കുവാൻ തക്കം പാർത്തിരിക്കുന്ന ശത്രുവിന്റെ സാന്നിദ്ധ്യത്തിൽ തന്നെ നാം പുഷ്ടിയും അഭിവൃദ്ധിയും പ്രാപിക്കുക. നമ്മുടെ ദൈവം ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കുന്നവനാണ്.

ര□ ്, അത് സമൃദ്ധവും സമ്പൂർണ്ണവുമായ വിരുന്നാകുന്നു എന്നതാണ്. 'എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു' എന്നാണ് ദാവീദ് പറയുന്നത്. അത് വിരുന്നിന്റെ സമൃദ്ധിയെ വ്യക്തമാക്കുകയാണ്. പാനപാത്രത്തിൽ അല്പം മാത്രം വിളമ്പുന്നവനല്ല ഈ അതിഥേയൻ, നിറഞ്ഞു കവിയത്തക്കവണ്ണം പ്രദാനം ചെയ്യുന്നവനാണ്. കർത്താവ് എല്ലാ അനുഗ്രഹങ്ങളും സമൃദ്ധിയായി നൽകുന്നവനാണ്. നിറഞ്ഞു കവിയുന്ന, പൂർണ്ണതൃപ്തരായിരിക്കുന്ന അനുഭവമാണത്. കൂടാതെ, 'എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു'. തികച്ചും വിശിഷ്ട അതിഥികൾക്ക് മാത്രമുള്ള ഒരു ചടങ്ങാണിത്. വിശിഷ്ട അതിഥികളുടെ തലയെ അഭിഷേകം ചെയ്യേണ്ടത് ആതിഥേയന്റെ കടമയാണ്. അതും ഇടയൻ ചെയ്യുന്നു.

തുടരും....